# STD - IX

## അദ്ധ്യാപക സഹായി

**പാഠം - ഒമ്പത്** **ഭാഗം - ഒന്ന്**

## സഭയും സാംസ്കാരികാനുരൂപണവും

### ലക്ഷ്യം

ക്രിസ്തുവിന്റെ സഭ, അതിന്റെ തനിമ ഒട്ടും ചോർന്നു പോകാതെതന്നെ ഓരോ ദേശത്തിന്റെയും സംസ്കാരത്തിനനുസൃതമായി നടത്തുന്ന സുവിശേഷവൽക്കരണമാണ് സാംസ്കാരികാനുരൂപണം. യേശുവിനെയും സഭയെയുംകുറിച്ചുള്ള പഠനങ്ങളും ആചാരാനുഷ്ഠാനങ്ങളും പ്രാദേശികമായി അവതരിപ്പിക്കുമ്പോൾ, അത് പ്രദേശവാസികൾക്ക് ലളിതമായി ഉൾക്കൊള്ളാൻ ആവുന്നു.

സുവിശേഷം പകർന്നുകൊടുക്കുമ്പോഴും യേശുവിനെ പകർന്നുകൊടുക്കുമ്പോഴും സഭയുടെ ആചാര അനുഷ്ഠാനങ്ങളും ആ പ്രദേശത്തിന്റെ സാഹചര്യത്തിനനുസരിച്ച് അവതരിപ്പിക്കും.

### പഠനസഹായികൾ

* യൂ-ട്യൂബ് വീഡിയോ ക്ലിപ്പ് - ക്രൈസ്തവർ വിവാഹത്തിലെ മധുരം കിള്ളലും അതിനുപയോഗിക്കുന്ന പാത്രങ്ങളുടെ പ്രാധാന്യവും
* യൂ-ട്യൂബ് വീഡിയോ - ക്രൈസ്തവവിവാഹം - താലികെട്ട്, വിരിപ്പാവ്, സാരി ചാർത്തൽ
* വചനം - ലൂക്കാ. 2:21-24, ലൂക്കാ. 2:41-42, ലൂക്കാ. 4:16, ലൂക്കാ. 22:15-20, യോഹ. 19:38-42

### പാഠത്തിന്റെ ഉള്ളടക്കം

* സംസ്കാരം എന്നത് ജീവിതത്തെക്കുറിച്ചുള്ള വീക്ഷണവും ആ വീക്ഷണമനുസരിച്ചുള്ള ജീവിതശൈലിയുമാണ്.
* ലോകത്തിന്റെ നാനാഭാഗങ്ങളിൽ അവിടങ്ങളിലെ സംസ്കാരത്തിനനുസൃതമായി ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കപ്പെട്ടു.
* സഭയുടെ പാരമ്പര്യവും തനിമയും ഒട്ടും ചോർന്നുപോകാതെ ഓരോ ദേശത്തിന്റെയും സംസ്കാരത്തിന് അനുസൃതമായി നടത്തുന്ന സുവിശേഷവൽക്കരണമാണ് സാംസ്കാരികാനുരൂപണം.
* യേശുവും സാംസ്കാരികാനുരൂപണവും
* മാതാവും യൗസേപ്പിതാവും ഉണ്ണീശോയെ ദേവാലയത്തിൽ സമർപ്പിക്കുന്നു.

* യഹൂദാചാരമനുസരിച്ച് യേശു എട്ടാം ദിവസം പരിച്ഛേദനം സ്വീകരിച്ചു.
* 12 വയസ്സായപ്പോൾ പെസഹാത്തിരുനാളിന് ജറൂസലേമിൽ യേശു പോയി.
* പെസഹഭക്ഷണം ഭക്ഷിക്കുന്ന യേശു
* യഹൂദാചാരമനുസരിച്ച് യേശുവിനെ സംസ്കരിച്ചു.
* താൻ ജനിച്ചു വളർന്ന നാടിന്റെ സംസ്കാരത്തെയും ആചാരാനുഷ്ഠാനങ്ങളെയും യേശു അത്യധികം ബഹുമാനിച്ചു.
* ആദിമസഭയിൽ പരിച്ഛേദനം നടന്നിരുന്നു. യഹൂദ ആചാരപ്രകാരമുള്ള എല്ലാക്കാര്യങ്ങളും ആചരിച്ചിരുന്നു.

## പ്രാർത്ഥന

ലോകമെങ്ങും പോയി സുവിശേഷം പ്രഘോഷിക്കാൻ കൽപ്പിച്ച കർത്താവായ ഈശോയെ, ഞങ്ങളുടെ രാജ്യത്തിന്റെ സംസ്കാരത്തിന് അനരൂപമായി സുവിശേഷ പ്രവർത്തനം നടത്താൻ ഞങ്ങളെ ശക്തരാക്കണമേ. ആമേൻ.

## ചോദ്യങ്ങൾ

1. സാംസ്കാരിക അനുരൂപണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണ്? സഭ എങ്ങനെയാണ് സാംസ്കാരികാനുരൂപണം നടത്തേണ്ടത്.
2. ക്രിസ്തു സാംസ്കാരിക അനുരൂപണം അനുവർത്തിച്ചിരുന്നത് എങ്ങനെ?
3. ആദിമസഭയിൽ ക്രിസ്തുമതത്തിലേക്ക് കടന്നുവന്ന യഹൂദർ ക്രിസ്ത്യാനികളായതിനുശേഷവും അനുഷ്ഠിച്ചിരുന്ന ആചാരങ്ങൾ ഏതെല്ലാമാണ്?
4. പന്ത്രണ്ടു വയസ്സായപ്പോൾ യേശു ജറുസലേമിൽ പോയത് എന്തിനാണ്? വചനഭാഗം എഴുതുക.
5. കുരിശിൽ മരിച്ച യേശുവിനെ എന്ത് ആചാരമനുസരിച്ചാണ് സംസ്കരിച്ചത്? വചന ഭാഗം എഴുതുക.

# STD - IX

## അദ്ധ്യാപക സഹായി

**പാഠം – ഒമ്പത്** **ഭാഗം – രണ്ട്**

## സഭയും സാംസ്കാരികാനുരൂപണവും

### ലക്ഷ്യം

ജറുസലേം സൂനഹദോസും, രണ്ടാം വത്തിക്കാൻ സൂനഹദോസും സാംസ്കാരികാനുരൂപണത്തിന്റെ പ്രാധാന്യവും പ്രസക്തിയും അംഗീകരിക്കുകയും പഠിപ്പിക്കുകയും ചെയ്തു. മിഷൻ പ്രവർത്തനങ്ങൾ നടക്കുമ്പോൾ ആ പ്രദേശത്തെ സംസ്കാരങ്ങൾക്ക് അനുരൂപമാകണമെന്നും സൂനഹദോസ് പഠിപ്പിച്ചു.

ഏത് ദേശമായാലും ഏക സഹോദരഐക്യത്തിൽ അവിടത്തെ സംസ്കാരമനുസരിച്ച് യേശുവിനെ പ്രഘോഷിച്ച് ക്രിസ്തുസാക്ഷികളായി മാറും.

### പഠനസഹായികൾ

* വചനം. അപ്പ. 15:1–35 (ജറുസലേം സൂനഹദോസ്)
* രൂപതയിൽ അനുഷ്ഠിച്ചുപോരുന്ന സാംസ്കാരികാനുരൂപണങ്ങൾ

### പാഠത്തിന്റെ ഉള്ളടക്കം

* ആദിമസഭയുടെ ആദ്യ സൂനഹദോസായ ജെറുസലേം സൂനഹദോസ് എ.ഡി. 47 –ൽ കൂടിയപ്പോൾ ചർച്ച ചെയ്യപ്പെട്ടത് സാംസ്കാരിക അനുരൂപണമായിരുന്നു. (പരിച്ഛേദനവും ആഹാരരീതികളും)
* രണ്ടാം വത്തിക്കാൻ സൂനഹദോസ് സാംസ്കാരിക അനുരൂപണം ഊന്നിപറഞ്ഞു.
* പ്രാദേശിക ദേവാലയങ്ങളുടെ നിർമ്മാണം, കലാസാഹിത്യമേഖലകൾ, തിരുവസ്ത്രങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, സന്ന്യാസവ്രതങ്ങൾ തുടങ്ങിയവ വൈദേശികമാകാതിരിക്കുവാൻ പ്രാദേശികസഭകൾ പ്രത്യേകം ശ്രദ്ധിച്ചുപോരുന്നു.
* സാംസ്കാരികാനുരൂപണത്തിന്റെ പ്രസക്തി
* സ്വന്തം സംസ്കാരവും വിശ്വാസവും അംഗീകരിക്കുന്നതുപോലെ, സഭാ മറ്റുള്ളവരുടെ സംസ്കാരവും അംഗീകരിക്കുകയും ബഹുമാനിക്കുകയും വേണം.

### പ്രാർത്ഥന

യഹൂദരെന്നോ, ഗ്രീക്കുകാരെന്നോ, അടിമകളെന്നോ, സ്വതന്ത്രരെന്നോ ഭേദം കാട്ടാതെ ഒരേ ആത്മാവിനാൽ നിറയാൻ ഞങ്ങളെ വിളിച്ച കർത്താവേ സ്നേഹഐക്യത്തോടെ ലോകത്തിന്റെ പുളിമാവ് ആയി വർത്തിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

## ചോദ്യങ്ങൾ

1. ജെറുസലേം സൂനഹദോസ് സാംസ്കാരിക അനുരൂപണം പരിപോഷിപ്പിച്ചത് എങ്ങനെയാണ്
2. മിഷൻ പ്രവർത്തനങ്ങൾ എങ്ങനെയായിരിക്കണമെന്നാണ് രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിച്ചത്.
3. സാംസ്കാരികാനുരൂപണത്തിന്റെ പ്രസക്തി എന്താണ്?
4. ഒരു പ്രദേശത്തെ ജനങ്ങൾക്ക് ലളിതമായും കൃത്യമായും യേശുവിനെപറ്റിയും സഭയെപറ്റിയും മനസ്സിലാക്കിക്കൊടുക്കുവാൻ എന്ത് ചെയ്യണം.
5. കേരളസഭയിൽ സാംസ്കാരിക അനുരൂപണം എത്രത്തോളം ഉണ്ടെന്നാണ് നിങ്ങൾ കരുതുന്നത്? ഉദാഹരണങ്ങൾ സഹിതം ഉത്തരമെഴുതുക.